**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 227** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം 401332 ആണ്.

പ്രധാനമന്ത്രി ഉജ്ജല യോജന പദ്ധതിയുടെ പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. അപേക്ഷക 18 വയസ്സ് പൂർത്തിയായ വനിത ആയിരിക്കണം.
2. അപേക്ഷകയുടെ പേരിൽ എൽ പി ജി കണക്ഷൻ നിലവിൽ ഉണ്ടായിരിക്കരുത്.
3. കുടുംബം കേന്ദ്രസർക്കാർ നിശ്ചയിച്ച അർഹതാ വിഭാഗങ്ങളിൽ ഉൾപ്പെട്ടിരിക്കണം.
4. താഴെപ്പറയുന്ന വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ വനിതകൾക്ക് അർഹതയുണ്ട്:

- സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് (SECC) പ്രകാരം തിരിച്ചറിഞ്ഞ ദരിദ്ര കുടുംബങ്ങൾ.
- അന്ത്യോദയ അന്നയോജന (AAY) ഗുണഭോക്താക്കൾ.
- പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ.
- പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഗുണഭോക്താക്കൾ.
- വനവാസികൾ.
- ഏറ്റവും പിന്നാക്ക വിഭാഗങ്ങൾ (Most Backward classes)
- ചായത്തോട്ട തൊഴിലാളികളുടെ കുടുംബങ്ങൾ.
- നദീതീര/ദ്വീപ് പ്രദേശങ്ങളിലെ കുടുംബങ്ങൾ.
- കേന്ദ്രസർക്കാർ അംഗീകരിച്ച മറ്റ് അർഹ വിഭാഗങ്ങൾ.

**(ബി)** പദ്ധതി ആരംഭിച്ച കാലത്ത് ഗുണഭോക്താക്കൾക്ക് പ്രതിവർഷം സബ്സിഡിയുള്ള എത്ര പാചകവാതക സിലിണ്ടറുകളാണ് നൽകിയിരുന്നതെന്നും പിന്നീട് ഈ എണ്ണത്തിൽ കുറവ് വരുത്തിയിരുന്നോ എന്നുമുള്ള വിവരം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പദ്ധതി ആരംഭിച്ച കാലത്ത് ഗുണഭോക്താക്കൾക്ക് പ്രതിവർഷം സബ്സിഡിയുള്ള 12 എൽ.പി.ജി സിലിണ്ടറുകൾ ലഭ്യമാക്കിയിരുന്നു. തുടർന്ന് 2025-26 സാമ്പത്തിക വർഷത്തിൽ ഇത് 9 സിലിണ്ടറുകളായി കുറച്ചിരുന്നു.

**(സി)** പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ സബ്സിഡിയോടെ എത്ര സിലിണ്ടറുകളാണ് നൽകുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2026 ജൂണിൽ കേന്ദ്രസർക്കാർ സബ്സിഡിയുള്ള സിലിണ്ടറുകളുടെ എണ്ണം 9 ൽ നിന്ന് 4 ആയി കുറച്ചിട്ടുണ്ട്.

**(ഡി)** പാചകവാതക വിലവർധനവിന്റെയും ലഭ്യതക്കുറവിന്റെയും പശ്ചാത്തലത്തിൽ പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് നൽകുന്ന സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ച നടപടി പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതിയുടെ നടത്തിപ്പും സബ്സിഡി സംബന്ധമായ നയപരമായ തീരുമാനങ്ങളും കേന്ദ്രസർക്കാരിന്റെ പരിധിയിൽപ്പെടുന്നതാണ്. പാചകവാതക വിലവർധനവും ലഭ്യത സംബന്ധമായ ആശങ്കകളും കണക്കിലെടുത്ത്, പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള വനിതാ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന സബ്സിഡിയുള്ള എൽ.പി.ജി സിലിണ്ടറുകളുടെ എണ്ണം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**